**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 551** **23-07-2021 - ൽ മറുപടിയ്ക്ക്**

**നിലമ്പൂർ ഉൾനാടൻ മത്സ്യഭവൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | **Shri Saji Cherian**<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | നിലമ്പൂരിൽ ആരംഭിച്ച ഉൾനാടൻ മത്സ്യ ഭവനിൽ നിന്നും മത്സ്യ കർഷകർക്ക് നൽകുന്ന സേവനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; ഏതെല്ലാം പഞ്ചായത്തുകളിലാണ് നിലമ്പൂർ മത്സ്യഭവന്റെ സേവനങ്ങൾ ലഭ്യമാകുന്നത് ; | (എ) | നിലമ്പൂരിൽ പ്രവർത്തനമാരംഭിച്ച ഉൾനാടൻ മത്സ്യഭവനിൽ നിന്നും താഴെ പറയുന്ന സേവനങ്ങൾ മത്സ്യകർഷകർക്ക് നൽകിവരുന്നു മത്സ്യകർഷകർക്കായി ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന ജനകീയ മത്സ്യകൃഷി, പ്രധാനമന്ത്രി മത്സ്യസമ്പദ യോജന തുടങ്ങി വിവിധ പദ്ധതികളുടെ അപേക്ഷകൾ മത്സ്യഭവനുകൾ വഴി മത്സ്യകർഷകർക്ക് വിതരണം ചെയ്യുകയും പൂരിപ്പിച്ച അപേക്ഷകൾ സ്വീകരിക്കുകയും ചെയ്യുന്നു. അപേക്ഷകൾ പരിശോധിച്ച് പദ്ധതികളുമായി ബന്ധപ്പെട്ട ഭൗതിക പരിശോധന നടത്തുകയും ആയതിൽ തുടർനടപടികൾ സ്വീകരിക്കുന്നതിനായി മത്സ്യഭവൻ ഓഫീസറുടെ ശുപാർശയോടു കൂടി ജില്ലാ ഫിഷറീസ് ഓഫീസർക്ക് സമർപ്പിക്കുകയും ചെയ്യുന്നു. മത്സ്യകൃഷി നടത്തുന്നതിനാവശ്യമായ രജിസ്ട്രേഷനും ലൈസൻസും ലഭിക്കുന്നതിനുള്ള അപേക്ഷ വിതരണം ചെയ്യുകയും പൂരിപ്പിച്ച അപേക്ഷകൾ സ്വീകരിക്കുകയും ചെയ്യുന്നു. ഇത്തരത്തിൽ ലഭിക്കുന്ന അപേക്ഷകളിൽ ഭൗതിക പരിശോധനാ റിപ്പോർട്ട് തയ്യാറാക്കി മത്സ്യഭവൻ ഓഫീസറുടെ ശുപാർശയോടുകൂടി ജില്ലാ ഫിഷറീസ് ഓഫീസർക്ക് സമർപ്പിക്കുകയും ചെയ്യുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്ന വിവിധ മത്സ്യകൃഷി പദ്ധതികളുടെ നിർവ്വഹണം നടത്തുന്നു. മത്സ്യകൃഷിക്കാവശ്യമായ സാങ്കേതിക സഹായം ലഭ്യമാക്കുന്നു. അനധികൃതവും നിയമവിരുദ്ധവുമായ മത്സ്യകൃഷി രീതികൾ നിരുത്സാഹപ്പെടുത്തുന്നതിന് കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ആക്ടും (2010) ചട്ടങ്ങളും (2013) പ്രകാരം അന്വേഷണം നടത്തി നടപടികൾ സ്വീകരിക്കുന്നതിന് ശുപാർശ ചെയ്യുന്നു. (1) നിലമ്പൂർ, (2) പെരിന്തൽമണ്ണ, (3) മഞ്ചേരി എന്നീ |

| | | | |
|---|---|---|---|
| | | | മുനിസിപ്പാലിറ്റികളിലും (4) കീഴാറ്റൂർ, (5) തൃക്കലങ്ങോട്, (6) തിരുവാലി, (7) മമ്പാട്, (8) വണ്ടൂർ, (9) പോരൂർ, (10) പാണ്ടിക്കാട്, (11) ചാലിയാർ, (12) ചുങ്കത്തറ, (13) പോത്തുകൽ, (14) എടക്കര, (15) വഴിക്കടവ്, (16) മൂത്തേടം, (17) പുലാമന്തോൾ, (18) അങ്ങാടിപ്പുറം, (19) ഏലംകുളം, (20) ആലിപറമ്പ, (21) താഴേക്കോട്, (22) വെട്ടത്തൂർ, (23) മേലാറ്റൂർ, (24) എടപ്പറ്റ, (25) ഊർങ്ങാട്ടിരി (26) കരുവാരക്കുണ്ട്, (27) കാളികാവ്. (28) ചോക്കാട്, (29) അമരമ്പലം, (30) കരുളായി എന്നീ ഗ്രാമപഞ്ചായത്തുകളിലും നിലമ്പൂർ മത്സ്യഭവന്റെ സേവനം ലഭ്യമാകുന്നു. |
| (ബി) | നിലമ്പൂർ നഗരസഭയിൽ മത്സ്യഫെഡിന്റെ ഫിഷ് മാർട്ട് ആരംഭിക്കണമെന്നഭ്യർത്ഥിച്ച് എം.എൽ.എ. മത്സ്യഫെഡ് ചെയർമാന് നൽകിയ നിവേദനത്തിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; സ്ഥലം ലഭ്യമാക്കാമെന്ന് അറിയിച്ചിട്ടും നിലമ്പൂരിൽ ഫിഷ് മാർട്ട് തുടങ്ങാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) | പ്രസ്തുത പ്രൊപ്പോസൽ മത്സ്യഫെഡിന്റെ സജീവ പരിഗണനയിലാണ്. |
| (സി) | മലപ്പുറം ജില്ലയിലെ ഏതെല്ലാം സ്ഥലങ്ങളിലാണ് നിലവിൽ മത്സ്യഫെഡിന്റെ ഫിഷ് മാർട്ട് ഉള്ളതെന്നും ഇവിടങ്ങളിലേക്ക് ഏതു കേന്ദ്രത്തിൽ നിന്നാണ് മത്സ്യം വിതരണം ചെയ്യുന്നതെന്നും അറിയിക്കാമോ? | (സി) | മലപ്പുറത്ത് നിലവിൽ മത്സ്യഫെഡിന് ഫിഷ് മാർട്ടുകളില്ല. സഹകരണ ബാങ്ക്/സംഘങ്ങളുമായി ചേർന്നുള്ള ഫ്രാഞ്ചൈസി ഫിഷ് മാർട്ടുകൾ തേഞ്ഞിപലം, കോട്ടയ്ക്കൽ (പുത്തൂർ) എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്. ടി സ്ഥലങ്ങളിലേയ്ക്ക് പൊന്നാനി, താനൂർ, ബേപ്പൂർ, പുതിയാപ്പ എന്നീ മത്സ്യബന്ധന തുറമുഖങ്ങളിൽ നിന്നുള്ള മത്സ്യങ്ങളാണ് വിതരണം ചെയ്തു വരുന്നത്. |

സെക്ഷൻ ഓഫീസർ